**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4786** | **13-03-2023 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. റോജി എം. ജോൺ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | പശ്ചിമ കൊച്ചിയിലും സമീപ പഞ്ചായത്തുകളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ബി) | എങ്കിൽ പ്രസ്തുത കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | **പശ്ചിമ കൊച്ചിയിലും സമീപ പഞ്ചായത്തുകളിലും ജല വിതരണം നടത്തുന്ന ശുദ്ധീകരണശാലയുടെ റാ വാട്ടർ പമ്പ് ഹൗസായ പാഴൂർ പമ്പ് ഹൗസിലെ കേടായ മോട്ടോർ പമ്പ് സെറ്റുകൾ 2 എണ്ണത്തിന്റേയും കേടുപാടുകൾ പരിഹരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. മൂന്നാമത്തെ മോട്ടോർ പമ്പ് സെറ്റിന്റെ കേടുപാടുകൾ ദ്രുതഗതിയിൽ പൂർത്തിയാക്കി പ്രവർത്തനം പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായിട്ടുള്ള പ്രവൃത്തികൾ നടന്നു വരുന്നു. കൂടാതെ ജില്ലാ ഭരണകൂടം, കേരള ജല അതോറിറ്റി, PWD, LSGD, പോലീസ്, MVD, ടാങ്കർ ലോറി അസോസിയേഷൻ എന്നിവ ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ വഴി കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫോർട്ട് കൊച്ചി വെളി, ചെല്ലാനം സെന്റ് മേരീസ് സ്കൂൾ എന്നീ പ്രദേശത്ത് കുടിവെള്ള വിതരണത്തിന്റെ ഏകോപനത്തിന് വേണ്ടി കൺട്രോൾ റൂം സ്ഥാപിച്ചിട്ടുണ്ട്.** |
| (സി) | പശ്ചിമ കൊച്ചിയിലെ ജലവിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും മുടങ്ങാതെ കുടിവെള്ളം ലഭ്യമാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | **പശ്ചിമ കൊച്ചിയിലും സമീപ പഞ്ചായത്തുകളിലും ജല വിതരണം നടത്തുന്ന ശുദ്ധീകരണശാലയുടെ റാ വാട്ടർ പമ്പ് ഹൗസായ പാഴൂർ പമ്പ് ഹൗസിലെ കേടായ മോട്ടോർ പമ്പ് സെറ്റുകൾ 2 എണ്ണത്തിന്റേയും കേടുപാടുകൾ പരിഹരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. മൂന്നാമത്തെ മോട്ടോർ പമ്പ് സെറ്റിന്റെ കേടുപാടുകൾ ദ്രുതഗതിയിൽ പൂർത്തിയാക്കി പ്രവർത്തനം** |

| | | | |
|---|---|---|---|
| | | | **പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായിട്ടുള്ള പ്രവൃത്തികൾ നടന്നു വരുന്നു. കൂടാതെ ജില്ലാ ഭരണകൂടം, കേരള ജല അതോറിറ്റി, PWD, LSGD, പോലീസ്, MVD, ടാങ്കർ ലോറി അസോസിയേഷൻ എന്നിവ ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ വഴി കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫോർട്ട് കൊച്ചി വെളി, ചെല്ലാനം സെന്റ് മേരീസ് സ്കൂൾ എന്നീ പ്രദേശത്ത് കുടിവെള്ള വിതരണത്തിന്റെ ഏകോപനത്തിന് വേണ്ടി കൺട്രോൾ റൂം സ്ഥാപിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ